(ഡി) 774 പേർക്ക്.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

ഇന്റർസീവ് സെറ്റിൽമെന്റ് ഡവലപ്മെന്റ് പ്രോഗ്രാം

12(215) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി രൂപം നൽകിയിട്ടുള്ള ഇന്റർസീവ് സെറ്റിൽമെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമിന് വേണ്ടി നവംബർ 30 വരെ എന്ത് തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ :

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതനുസരിച്ച് നടപ്പാക്കിയിട്ടുള്ളത് ;

(സി) ഇതിലൂടെ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി രൂപം നൽകിയിട്ടുള്ള ഐ.എച്ച്.ഡി.പി. ക്കുവേണ്ടി 2000 നവംബർ 30 വരെ 336 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) റോഡ്, വൈദ്യുതി, വീട്, വീടിന്റെ അറ്റകുറ്റപ്പണി, കുടിവെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സാമ്പത്തിക പുരോഗതിക്കും വേണ്ട പദ്ധതികളാണ് പട്ടികവർഗ്ഗ വികസനവകുപ്പിൽ നടപ്പിലാക്കിയിട്ടുള്ളത്.

(സി) സങ്കേതങ്ങളുടെ സമഗ്ര വികസനമായിരുന്നു ഐ.എച്ച്.ഡി.പി. പദ്ധതി മുഖേന വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത ലക്ഷ്യത്തോടടുക്കുന്നതിന് പദ്ധതി ഉപകരിച്ചിട്ടുണ്ട്. ഇതിനായി ഒരു വർക്കിംഗ് പ്ലാൻ തയ്യാറാക്കി അതിനനുസരിച്ചാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്. ചില സങ്കേതങ്ങളിൽ ഈ പ്ലാനനുസരിച്ചുള്ള പണികൾ പൂർണ്ണമായി തീർന്നുകഴിഞ്ഞു. മറ്റുചിലരിൽ ഭാഗികമായും.

കരിങ്ങ-കാഞ്ഞിരപാറ റോഡ് ഗതാഗത യോഗ്യമാക്കൽ

13(216) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരിങ്ങയിൽ കോളനിയിൽ കരിങ്ങ-കാഞ്ഞിരംപാറ റോഡ് ഗതാഗത യോഗ്യമാക്കുവാനും, ഈ പ്രദേശത്ത് ശുദ്ധജല വിതരണം നടത്തുന്നതും സംബന്ധിച്ച് സർക്കാരിന് 7-11-2000-ൽ സമർപ്പിച്ച നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

†അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly